LIBRARY ARCHIVES Kerala Legislative Assembly

(ബി) കരുനാഗപ്പള്ളി താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യ വകുപ്പ് തുടർന്നുവരുന്നത്. ഇതനുസരിച്ച് ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്കാശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടത്തിവരുന്നത്. കരുനാഗപ്പള്ളി ആശുപത്രിയെ താലൂക്ക് തല ആശുപത്രിയുടെ തലത്തിൽ സൗകര്യം വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ നിയമനം

190 (1556) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പരിശോധിച്ചുവരുന്നു.

(ബി) നെഫ്രോളജിസ്റ്റിനെ നിയമിച്ചാൽ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നെഫ്രോളജിസ്റ്റിനെ കൂടാതെ ഫിസിഷ്യൻ, ജൂനിയർ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, ഡയാലിസിസ് മെഷീനുകൾ, ഡയാലിസിസ് യൂണിറ്റുകൾ കൂടുതൽ ഷിഫ്റ്റുകൾ എന്നിവയുടെയെല്ലാം എണ്ണം വർദ്ധിപ്പിച്ചാലെ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാൻ സാധിക്കുകയുള്ളൂ.

കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡുകൾ

191 (1557) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കോഴിക്കോട് ജില്ലയിൽ പകർച്ചവ്യാധി തടയുന്നതിന് എത്ര ഐസൊലേഷൻ വാർഡുകൾ പുതിയതായി സ്ഥാപിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

പകർച്ചവ്യാധി പ്രതിരോധത്തിന് കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന ഐസൊലേഷൻ ബ്ലോക്കിനുപുറമെ ആരോഗ്യ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിലെ 13 അസംബ്ലി മണ്ഡലങ്ങളിലെ 13 ആരോഗ്യ സ്ഥാപനങ്ങളിൽ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) പുതുതായി സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ പുതുതായി സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡുകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

(1) വടകര - സി.എച്ച്.സി. ഓർക്കാട്ടേരി

(2) കുറ്റിയാടി - സി.എച്ച്.സി. കുന്നുമ്മൽ

(3) നാദാപുരം - സി.എച്ച്.സി. വളയം

(4) കൊയിലാണ്ടി - സി.എച്ച്.സി. മേലടി

(5) പേരാമ്പ്ര - താലൂക്ക് ആശുപത്രി, പേരാമ്പ്ര

(6) ബാലുശ്ശേരി - സി.എച്ച്.സി. കരുമ്പുണ്ട്

(7) ഇലത്തൂർ - സി.എച്ച്.സി. തലക്കുളത്തൂർ

(8) കോഴിക്കോട് - ഗവ. ഡെർമറ്റോളജി നോർത്ത് ആശുപത്രി

(9) കോഴിക്കോട് - മാനസികാശുപത്രി, സൗത്ത് കോഴിക്കോട്

(10) ബേപ്പൂർ - സി.എച്ച്.സി. ചെറുവണ്ണൂർ

(11) കുന്നമംഗലം - സി.എച്ച്.സി. ഒളവണ്ണ

(12) കൊടുവള്ളി - സി.എച്ച്.സി. കൊടുവള്ളി

(13) തിരുവമ്പാടി - സി.എച്ച്.സി. മുക്കം

(14) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ യൂണിറ്റിനും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിയ പ്രാഥമിക പദ്ധതി രേഖ പ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള 13 ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു സ്ഥാപനത്തിലെ ഐസൊലേഷൻ യൂണിറ്റിന് 1.79 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള വിശദ പദ്ധതി രേഖ പൂർത്തിയായതിനുശേഷം മാത്രമെ ഇതിനായി എത്ര രൂപ ചെലവാകുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

തിരുരങ്ങാടി താലൂക്കാശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ്

192 (1558) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി താലൂക്കാശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ?

നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുരങ്ങാടി താലൂക്കാശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് (സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്) സ്ഥാപിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ നാഷണൽ ഹെൽത്ത് മിഷൻ വഴി കുടുംബശ്രീ ഇനത്തിൽ അനുവദിച്ച 1 കോടി രൂപ ചെലവ് വരുന്ന മാലിന്യ സംസ്കരണ യൂണിറ്റിന്റെ സമഗ്ര പദ്ധതി രേഖ WAPCOS ഏജൻസി വഴി തയ്യാറാക്കിയിട്ടുണ്ട്. ഇത് നാഷണൽ ഹെൽത്ത് മിഷന്റെ എഞ്ചിനീയറിംഗ് വിഭാഗം ടെക്നിക്കൽ ടീമിന് 15-7-2021-ന് അയച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് അൾട്രാ ഫിൽട്രേഷൻ സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തുമ്പോൾ വരുന്ന അധിക തുക പ്രോജക്ടിൽ ഉള്ളടക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തിരുരങ്ങാടി താലൂക്കാശുപത്രിയിൽ നിലവിൽ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇമേജ് എന്ന സ്ഥാപനത്തിനും നോൺ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് KEIL എന്ന സ്ഥാപനത്തിനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് തിരുരങ്ങാടി മുൻസിപ്പാലിറ്റിയുടെ കീഴിലുള്ള ഹരിത കർമ്മസേനയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly